# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ കെ എം/പി1/2284/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 22/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഴുവന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ കെ എം/പി1/2284/22 തീയ്യതി: 22/03/2023

## എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 13-12-2022 | 23-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2022 | 23-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
2.ശ്രീജ ഉണ്ണികൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
3.ഷൈബി ഇ ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.സ്വപ്ന വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ബിൻസി ബൈജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി അനിമോൾ കെ | സെക്രട്ടറി | 01-04-2021 | 21-07-2021 |
| ശ്രീ എൻ എം മോഹനൻ | സെക്രട്ടറി | 22-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജയകൃഷ്ണൻ ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 16-07-2021 |
| ശ്രീമതി റോഷിൻ കോശി കെ | അസിസ്റ്റന്റ് സെക്രട്ടറി | 09-08-2021 | 31-03-2022 |
| ശ്രീ സന്തോഷ് കെ എൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 14-06-2021 |
| ശ്രീമതി ചിത്ര എൻ ബി | അസിസ്റ്റന്റ് എഞ്ചിനിയർ | 15-06-2021 | 31-03-2022 |
| ശ്രീമതി നിഷ പി എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ശ്രീലേഖ ദിവാകർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ഹിരൺ മേരി തോമസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ഹേമ തിലക് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി കൃഷ്ണശോഭ കെ ജി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ ഫൈസൽ എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ മുഹമ്മദ് സാലിഹ് ടി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഴവന്നൂർ) | 01-04-2021 | 31-03-2022 |
| ശ്രീ നിരഞ്ജൻ ശങ്കർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | 01-04-2021 | 09-10-2021 |
| ശ്രീ മുഹമ്മദ് സാലിഹ് ടി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്)- ചാർജ് | 10-10-2021 | 22-10-2021 |
| ശ്രീ ബോബി എം ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്) | 23-10-2021 | 30-11-2021 |
| ശ്രീ മുഹമ്മദ് സാലിഹ് ടി എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നെല്ലാട്)- | 01-12-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ചാർജ് | | |
| ഡോ.സീന എൻ എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

17.07.2021 മുതൽ 08.08.2021 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഒഴിവാണ്.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 13 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12 |
| 14 | കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-13 |
| 15 | വസ്തു നികുതി-റവന്യൂ റിക്കവറി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-14 |
| 16 | തൻവർഷ വാടക ,വാടക കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല | 1-15 |
| 17 | ബിൽഡിംഗ് റെഗുലറൈസേഷൻ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-16 |
| 18 | ലേലം -ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല | 1-17 |
| 19 | മോബൈൽ ടവറുകളുടെ വസ്തു നികുതി,വസ്തു നികുതി കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല | 1-18 |
| 20 | വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ കേസിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് | 1-19 |
| 21 | സാമൂഹ്യസുരക്ഷാപെൻഷൻ -അപാകതകൾ | 1-20 |
| 22 | ബ്ലോക്കിൽ നിന്ന് ആനുകൂല്യം ലഭിച്ച വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകി-ചെലവ് നിരാകരിക്കുന്നു | 1-21 |
| 23 | ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുക രണ്ട് തവണ സ്ഥാപനത്തിന് നൽകി-അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-22 |
| 24 | ഉപയോഗശൂന്യമായ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ് | 1-23 |
| 25 | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-24 |

| | | |
|---|---|---|
| 26 | ദിവസ വേതന /കരാർ നിയമനം - സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ് | 1-25 |
| 27 | സകർമ്മ പോർട്ടലിൽ ചില ഭരണ സമിതി യോഗങ്ങളുടെ മിനിട്സ് ഉൾപ്പെടുത്തിയിട്ടില്ല | 1-26 |
| 28 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. | 1-27 |
| 29 | വീട് വാസയോഗ്യമാക്കൽ-വിശദമായ മൂല്യനിർണ്ണയം രേഖപ്പെടുത്തുന്നില്ല. | 1-28 |
| 30 | തൊഴിലുറപ്പ്-മെറ്റീരിയൽ പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ | 1-29 |
| 31 | തരിശ് ഭൂമിയിലെ നെൽകൃഷി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-30 |
| 32 | മരങ്ങൾ മുറിച്ചു മാറ്റിയത് ലേലം ചെയ്തു നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല | 1-31 |
| 33 | പുതിയതായി എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത്-അപാകതകൾ | 1-32 |
| 34 | സ്വകാര്യ വ്യക്തി കൈവശം വെച്ചിരിക്കുന്ന പഞ്ചായത്ത് വക സ്ഥലം അളന്നു തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ് | 1-33 |
| 35 | ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസപ്പെടുത്തുന്നു | 1-34 |
| 36 | പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം-അപാകതകൾ | 1-35 |
| 37 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല | 1-36 |
| 38 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. | 1-37 |
| 39 | മരാമത്ത് പ്രവർത്തി-അപാകങ്ങൾ | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ച വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകി-ചെലവ് നിരാകരിക്കുന്നു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |

| | | |
|---|---|---|
| 9 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

സ്ഥാപനത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 19.02.2021 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റിന് 19.02.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

| | ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ (റിവൈസ്ഡ്) | റസീപ്റ്റ്&പേയ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ |
|---|---|---|
| വരവ് | 421098271.00 | 118479679.00 |
| ചെലവ് | 438630131.00 | 105199253.00 |

ബജറ്റ് കണക്കുകളും വാർഷിക ധനകാര്യപത്രികയിലെ കണക്കുകളും തമ്മിൽ വ്യത്യാസമുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2022 | 20.6.2022 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)].

4. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(2) പ്രകാരമുള്ള വാർഷികകണക്കിലെ അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല.

5.ആസ്തികൾ സൃഷ്ടിക്കുന്നതിന് വിനിയോഗിച്ച തുകകൾ Capital Contribution ലേക്ക് മാറ്റിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29390491 |
| ഓഡിറ്റ് വർഷത്തെ വരവ് | 118479679 |
| ആകെ | 147870170 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 105199253 |
| നീക്കിയിരിപ്പ് | 42670917 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30000 |

| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക | 9,21,683/- |
|---|---|

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR പ്രകാരം) | നീക്കി യിരിപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 17527738 | 17527738 | 15194535 | 0 | 2333203 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 7121821 | 7121821 | 4205723 | 0 | 2916098 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 88641 | 88641 | 0 | 0 | 88641 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 41624000 | 41624000 | 17430965 | 0 | 24193035 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8588498 | 8588498 | 4294466 | 0 | 4294032 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) | 0 | 584173 | 584173 | 305373 | 0 | 278800 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied Grant) | 0 | 5285371 | 5285371 | 1390502 | 0 | 3894869 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Basic Grant) | 0 | 4099977 | 4099977 | 2101853 | 0 | 1998124 |
| ധനകാര്യ കമ്മീഷൻ അവാർഡ് (ബ്ലാങ്ക്) (Tied Grant) | 0 | 6043000 | 6043000 | 312808 | 0 | 5730192 |
| കേന്ദ്രാവിഷ്കൃതഫണ്ട് - സാനിട്ടേഷൻ 320 100 115 | 1484757 | 0 | 1484757 | 483000 | 1001757 | 0 |
| ICDS- 320 100 121 | 2550723 | 1297939 | 3848662 | 2256856 | 1591806 | 0 |
| ARWSS(Accelerated Rural Water Supply Scheme) 320100125 | 32999 | 967 | 33966 | 0 | 33966 | 0 |
| മറ്റുള്ളവ (വിമുക്തി ഫണ്ട് ഉൾപ്പെടെ) 320100199 | 3306384 | 80720 | 3387104 | 1274029 | 2113075 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| ലൈഫ് സ്റ്റേറ്റ് ഷെയർ320200305 | 1380000 | 2660000 | 4040000 | 1721295 | 2318705 | |
| ബഡ്സ് സ്കൂൾ ഫണ്ട് 320200307 | 1346171 | 534042 | 1880213 | 1012138 | 868075 | 0 |
| കേരളോത്സവം | 19240 | 0 | 19240 | 0 | 19240 | 0 |
| ശുചിത്വമിഷൻ 320200322 | 350000 | 190000 | 5400000 | 190000 | 350000 | 0 |
| സാക്ഷരത | 2881 | 20 | 2901 | 12 | | 2889 |
| സാനിറ്റേഷൻ 320300103 | 90000 | | 90000 | 0 | 90000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| മറ്റുള്ളവ 320300199 | 1513451 | 2159004 | 3672455 | 2049671 | 1622784 | 0 |
| ദുരിതാശ്വാസ നിധി | 3509 | - | 3509 | 0 | 3509 | 0 |
| ജോയിന്റ് വെഞ്ചർ ബ്ലോക്ക് പഞ്ചായത്ത് | 1000000 | 10927013 | 11927013 | 10969900 | 957113 | 0 |
| ജോയിന്റ് വെഞ്ചർ ജില്ല പഞ്ചായത്ത് വികസന ഫണ്ട്(എസ്.സി.പി) | 353725 | 6678926 | 7032651 | 6678926 | 353725 | 0 |

2309212/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ് [വികസന ഫണ്ട്(ജനറൽ)]

542157/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ് [വികസന ഫണ്ട്(എസ്.സി.പി)]

43961/-രൂപയുടെ ചെലവ് ജി ഒ പ്രോജക്ട് ആണ് [വികസന ഫണ്ട്(ടി.എസ്.പി)]

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ച്ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 76972898 | 112 | 50422025 | 25 | 12 | 75% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4012 | 962719 | 966731 | 963944 | 2787 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 51231767 | 51231767 | 51231767 | 0 |
| ആകെ | 4012 | 52194486 | 52198498 | 52195711 | 2787 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 13529200 | 3631 |
| വിധവാപെൻഷൻ | 19938300 | 3010 |
| വാർദ്ധക്യകാലപെൻഷൻ | 41153600 | 6876 |
| വികലാംഗപെൻഷൻ | 6484500 | 1182 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 948200 | 152 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

തൊഴിൽരഹിത വേതനം തൻവർഷം ചെലവില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി, പരിശോധനയിൽ 11714/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.03.2020 | 01.02.20-29.02.20 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.2017 മുതൽ 13.10.2017 വരെ | 2014-15, 2015-16, 2016-17 | 11.12.2017 |

## 1-10 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട റഗുലറൈസേഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ നമ്പർ രജിസ്റ്ററിൽ ചേർത്ത് മിക്ക അപേക്ഷകളിലും തുടർ നടപടി ക്രമങ്ങൾ രേഖപ്പെടുത്തുന്നില്ല.
2) തൊഴിൽ നികുതി രജിസ്റ്ററിൽ തൻവർഷത്തെ തൊഴിൽ നികുതി വരവ് കൃത്യമായി രേഖപ്പെടുത്തേണ്ടതും കുടിശ്ശിക വരവ് പ്രത്യേകം രേഖപ്പെടുത്തേണ്ടതുമാണ്. സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നത് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയത് രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
3) അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 ഓഡിറ്റ് ഇംപാക്ട്

1) ജീവനക്കാരുടെ തൊഴിൽ നികുതി
ഐരാപുരം എൻ.എസ്.എസ് ഗവ. എൽ.പി.എസിലെ ജീവനക്കാരന്റെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവു വന്ന തുകയായ 500/- രൂപ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് രസീത് നം.1220104700/G071004 തീയതി 17.12.2022 പ്രകാരം അടവാക്കി.
2) റഗുലറൈസേഷൻ ഫീസ്
റഗുലറൈസേഷൻ ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുകയായ 485/- രൂപ നേരിട്ടുള്ള അന്വേഷണത്തെ തുടർന്ന് രസീത് നം.1220104810/G071004 തീയതി 22.12.2022 പ്രകാരം അടവാക്കി.

## 1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തിലെ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു
1)ജീവനക്കാരുടെ തൊഴിൽനികുതി

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ലൈസൻസ് രജിസ്റ്ററിലെ ക്രമനം. | കാലയളവ് |
|---|---|---|---|---|
| 1 | ശിവ ശക്തി കേബിൾ ടി.വി നെറ്റ് വർക്ക് | 4 | 31 | 2021-22 രണ്ട് അർദ്ധവർഷവും |
| 2 | എസ്.എൻ ഹോളോബ്രിക്സ് | 4 | 4 | 2021-22 രണ്ട് |

| | | | | |
|---|---|---|---|---|
| | ചീനിക്കുഴി | | | അർദ്ധവർഷവും |
| 3 | എസ്.എൻ എഞ്ചിനീയറിംഗ് വർക്സ് നോർത്ത് മഴുവന്നൂർ | 3 | 5 | 2021-22 രണ്ട് അർദ്ധവർഷവും |
| 4 | എസ്.എൻ ഗ്രാനൈറ്റ്സ് | 16 | 3 | 2021-22 രണ്ട് അർദ്ധവർഷവും |
| 5 | യുണൈറ്റഡ് കോൺക്രീറ്റ് പ്രോഡക്ട്സ് | 9 | 8 | 2021-22 രണ്ട് അർദ്ധവർഷവും |
| 6 | ഹർഷാദ് എന്റർപ്രൈസസ് നോർത്ത് മഴുവന്നൂർ | 7 | 12 | 2021-22 രണ്ട് അർദ്ധവർഷവും |
| 7 | മണ്ണൂർ അഗ്രോടെക് | 12 | 24 | 2021-22 രണ്ട് അർദ്ധവർഷവും |
| 8 | കൊച്ചിൻ ഗ്രാനൈറ്റ്സ് | 19 | 26 | 2021-22 രണ്ട് അർദ്ധവർഷവും |
| 9 | സ്കൈപ്ലൈ ഐരാപുരം | 25 | 33 | 2021-22 രണ്ട് അർദ്ധവർഷവും |
| 10 | മാമ്പിള്ളി വീനീര്സ് & പ്ലൈവുഡ്സ് | 12 | 35 | 2021-22 രണ്ട് അർദ്ധവർഷവും |
| 11 | ബ്ലൂ സ്റ്റാർ ഇന്റസ്ട്രീസ് | 5 | 36 | 2021-22 രണ്ട് അർദ്ധവർഷവും |
| 12 | എബ്രഹാം പി.എം പ്ലൈവുഡ് നിർമ്മാണം | | 48 | 2021-22 രണ്ട് അർദ്ധവർഷവും |
| 13 | മാസ് പ്ലൈവുഡ് , കുന്നക്കുരുടി | 15 | 52 | 2021-22 രണ്ട് അർദ്ധവർഷവും |
| 14 | എയ്ഞ്ചൽ സിമന്റ് ഹോളോബ്രിക്സ്, കുന്നക്കുരുടി | 5 | 63 | 2021-22 രണ്ട് അർദ്ധവർഷവും |
| 15 | സ്കൈലൈൻ ഹോളോബ്രിക്സ് | 5 | 64 | 2021-22 രണ്ട് അർദ്ധവർഷവും |
| 16 | ഹർഷാദ് ഗ്രാനൈറ്റ്സ് | 7 | 69 | 2021-22 രണ്ട് അർദ്ധവർഷവും |
| 17 | പാറക്കൽ റോക്ക് പ്രൊഡക്ട്സ് & ക്വാറീസ് പ്രൈ.ലിമിറ്റഡ് | 10 | 71 | 2021-22 രണ്ട് അർദ്ധവർഷവും |
| 18 | പെരിയാർ ഗ്രാനൈറ്റ്സ് | 4 | 73 | 2021-22 രണ്ട് അർദ്ധവർഷവും |
| 19 | കൊച്ചിൻ ഗ്രാനൈറ്റ്സ് | 16 | 74 | 2021-22 രണ്ട് അർദ്ധവർഷവും |
| 20 | ഒലാം ആഗ്രോ ഇൻഡ്യ സ്റ്റോറേജ് ഓഫ് സ്പൈസസ് | 4 | 75 | 2021-22 രണ്ട് അർദ്ധവർഷവും |
| 21 | റോയൽ വുഡ്സ് | 5 | 77 | 2021-22 രണ്ട് |

| | | | | |
|---|---|---|---|---|
| | | | | അർദ്ധവർഷവും |
| 22 | മോഡേൺ സിമന്റ് ബ്രിക്സ് | 7 | 82 | 2021-22 രണ്ട് അർദ്ധവർഷവും |
| 23 | വെളിയത്ത് ടിംബർ ഇൻഡസ്ട്രീസ്, | 5 | 86 | 2021-22 രണ്ട് അർദ്ധവർഷവും |
| 24 | മാനേജിംഗ് പാർട്ണർ പാരാമൗണ്ട് ഏജൻസീസ് | 6 | 125 | 2021-22 രണ്ട് അർദ്ധവർഷവും |
| 25 | എ ടു ഇസഡ് സിമന്റ് പ്രോഡക്ട്സ് | 6 | 121 | 2021-22 രണ്ട് അർദ്ധവർഷവും |
| 26 | അപ്പൂസ് അന്നപൂർണ്ണ ഹോട്ടൽ | 6 | 135 | 2021-22 രണ്ട് അർദ്ധവർഷവും |
| 27 | എസ്.എൻ റോക്ക് പ്രോഡക്ട്സ് | 15 | 156 | 2021-22 രണ്ട് അർദ്ധവർഷവും |
| 28 | ക്ലാസിക് ഇൻഡസ്ട്രീസ് & റോക്ക് പ്രോഡക്ട്സ് | 190 | 168 | 2021-22 രണ്ട് അർദ്ധവർഷവും |
| 29 | എൻജിനീയർ പി.കെ വുഡ് ഇൻഡസ്ട്രീസ് | 7 | ലഭ്യമായിട്ടില്ല | 2021-22 രണ്ട് അർദ്ധവർഷവും |
| 30 | മാവേലി സ്റ്റോർ, മംഗലത്തു നട | 1 | ----- | 2021-22 രണ്ടാം അർദ്ധവർഷം |
| 31 | കിൻഫ്ര,ജനറൽ മാനേജർ , ദിലീപ് വി.പോൾ | 1 | ലഭ്യമായിട്ടില്ല | 2021-22 ഒന്നാം അർദ്ധവർഷം |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്രമനം.7,13,17,28,20 ലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ രേഖകളോടൊപ്പം ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല.ആയത് രേഖപ്പെടുത്തി പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.കൂടാതെ ബാക്കി പരാമർശത്തിലെ മുഴുവൻ ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

2) സ്ഥാപന തൊഴിൽ നികുതി

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 3 | കെ.എസ്.ഇ.ബി വളയൻചിറങ്ങര | 2021-22 രണ്ട് അർദ്ധവർഷവും |
| 13 | സ്പെക്ട്രാ ഡീകോർ പ്രൈ. ലിമിറ്റഡ് | 2021-22 രണ്ട് അർദ്ധവർഷവും |
| 14 | എം.ഡി റബർപാർക്ക് | 2021-22 രണ്ട് അർദ്ധവർഷവും |
| 17 | പ്രൈമ പ്ലാസ്റ്റിക്സ്, കിൻഫ്ര, നെല്ലാട് | 2021-22 രണ്ട് അർദ്ധവർഷവും |
| 18 | റിം റിച്ച് ഫുഡ്സ്, കിൻഫ്ര നെല്ലാട് | 2021-22 രണ്ട് അർദ്ധവർഷവും |
| 19 | എം.എസ് / ജോളി ഫ്ലക്സ് | 2021-22 രണ്ട് അർദ്ധവർഷവും |
| 20 | അക്ഷര പ്രിന്റേഴ്സ്, നെല്ലാട് | 2021-22 രണ്ട് അർദ്ധവർഷവും |
| 21 | ഹൈമ പോളിമേഴ്സ്, പ്രൈ. ലിമിറ്റഡ്, | 2021-22 രണ്ട് അർദ്ധവർഷവും |

| | |
|---|---|
| | റബ്ബർ പാർക്ക്, വളയൻ ചിറങ്ങര |

മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/15.12.2022) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ആയത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-13 കരാറുകാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | കരാറുകാരുടെ പേര് | എഗ്രിമെന്റ് തീയതി | കാലയളവ് |
|---|---|---|---|
| 1 | കെ.എം ജോർജ്കുട്ടി കാവിക്കുന്നേൽ | 29.11.21 | 2021-22 രണ്ടാം അർദ്ധവർഷം |
| 2 | മാത്യൂ വർഗ്ഗീസ് പുൽപ്രയിൽ | 1.12.21 | 2021-22 രണ്ടാം അർദ്ധവർഷം |
| 3 | എം.കെ പൗലോസ് മാമ്പക്കാട്ട് | 2.12.21 | 2021-22 രണ്ടാം അർദ്ധവർഷം |
| 4 | ബിജു.കെ സ്ലീബ കൊമ്പനാൽ | 2.12.21 | 2021-22 രണ്ടാം അർദ്ധവർഷം |
| 5 | എം.പി മക്കാർ മണക്കാട്ടുമാരി | 2.12.21 | 2021-22 രണ്ടാം അർദ്ധവർഷം |
| 6 | ജോയ് ജോൺ പാണപ്പറമ്പിൽ | 2.12.21 | 2021-22 രണ്ടാം അർദ്ധവർഷം |
| 7 | ഡെന്നി വർഗ്ഗീസ് ഗ്രേസ് കോട്ടേജ് | 7.1.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 8 | എം.വി ദിലീപ് കുമാർ, മേപ്പാട്ട് | 7.1.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 9 | കെ.പി ജോർജ് കൊടിയാട്ടിൽ | 7.1.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 10 | എൽദോപോൾ മൈലാട്ടുമോളേൽ | 7.1.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 11 | ടി.പി വിനോദ് കുമാർ തെങ്ങനാൽ | 19.1.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 12 | എം.വി ബിനോയ് മാരിയിൽ | 25.1.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 13 | കെ.വി മാത്യൂ കുറുമോളത്ത് | 16.2.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 14 | ഷാഹിദ്. പി.എം റെഡ് ചെയർ | 16.2.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 15 | എൽദോ ഏലിയാസ് മറ്റയത്ത് | 22.2.22 | 2021-22 രണ്ടാം അർദ്ധവർഷം |
| 16 | അനമോൻ ഐസക് എടപ്പാറയിൽ | 22.2.22 | 2021-22 രണ്ടാം അർദ്ധവർഷം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/16.12.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

## 1-14 വസ്തു നികുതി-റവന്യൂ റിക്കവറി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

കിൻഫ്രയിലെ എസ്.ഡി.എഫ് കെട്ടിടത്തിന്റെ (നം.5/631 MA1) വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 16.11.2019 ലെ C7-385/19 ാം നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം 2014 2nd Half മുതൽ 2019 1st Half വരെ നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. ആയതിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/21.12.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി വിവരങ്ങൾ അറിയിക്കേണ്ടതാണ്

## 1-15 തൻവർഷ വാടക ,വാടക കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളിൽ നിന്നും വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | ഉടമസ്ഥൻ /കെട്ടിട നം . | പ്രതിമാസ വാടക | ഈടാക്കാത്ത കാലയളവ് |
|---|---|---|---|
| 1 | ബിജു.വി .വി /6/192 | 3543/- | 3/22 |
| 2 | എൻ.ജെ കുര്യാക്കോസ് /6/194 | 1287/- | 3/22 |
| 3 | ഷൈജു. / 6/198 | 1586/- | 1/22,2/22,3/22 |
| 4 | ടി. കെ പൗലോസ്/6/203 | 3133/- | 3/22 |

മേൽ കെട്ടിടങ്ങളുടെ വാടക പൂർണ്ണമായും ഈടാക്കാത്തതിനും വാടക രജിസ്റ്ററിലെ ലെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ ലഭിക്കുവാനുള്ള 31794/- രൂപ ഈടാക്കാത്തതിനും വാടക കുടിശ്ശികയുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/22.12.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളുടെ തൻവർഷ വാടക, വാടകകുടിശ്ശികയിനത്തിൽ ലഭിക്കുവാനുള്ള 31794/- രൂപ എന്നിവ ഏതൊക്കെ കെട്ടിടങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് കണ്ടെത്തി ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-16 ബിൽഡിംഗ് റെഗുലറൈസേഷൻ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, മുൻവർഷങ്ങളിൽ കെട്ടിടങ്ങളുടെ റെഗുലറൈസേഷന വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. അപേക്ഷകളുടെ വിവരം താഴെ കൊടുക്കുന്നു.

1) മുൻവർഷങ്ങളുൾപ്പെടെ കെട്ടിടങ്ങളുടെ റെഗുലറൈസേഷന വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകൾ തിരിച്ചയക്കുകയോ നിരസിക്കുകയോ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഫയൽ നം./തീയതി | അപേക്ഷകന്റെ പേര് | റഗുലറൈസേഷൻ രജിസ്റ്റർ പ്രകാരം കെട്ടിടങ്ങളുടെ അവസ്ഥ |
|---|---|---|---|
| 1 | C3-2722/6.4.19 | കെ.വി പൗലോസ് &റഹിം | Rejected |
| 2 | C3-2797/10.4.19 | എൽദോ കെ വർഗീസ് | Returned |
| 3 | C3-3083/19, 2.5.19 | ജോൺ പോൾ & പൊന്നുജോൺ | Returned |
| 4 | C3-4551/29.6.19 | സൂസൻ ജെന്നി എം.എ | Returned For Correction |

| | | | |
|---|---|---|---|
| 5 | C3-4554/29.6.19 | സൂസൻ ജെന്നി എം.എ | Returned For Correction |
| 6 | C3-4663/19/4.7.19 | രാജി പ്രശാന്ത് | Returned For Correction |
| 7 | C3-5322/19, 26.8.19 | കെ.പി കുട്ടിക്കൃഷ്ണൻ | Returned |
| 8 | C3-6005/19,6.9.19 | ലിയോ സെബാസ്റ്റ്യൻ | Returned |
| 9 | C3-6627/14.10.19 | വർഗീസ് കെ.കെ | Returned &<br>New Applicaton Filed |
| 10 | C3-6849/19,26.10.19 | മാത്യൂ &ഹീര | Returned &New Applicaton<br>Filed 0n28.11.19 |
| 11 | C3-6898/19,29.10.19 | പി.സി ചൂര | Returned |
| 12 | C3-6940/30.10.19 | എൽദോ പീറ്റർ | Returned |
| 13 | C3-7098/7.11.19 | വർഗ്ഗീസ് കെ.കെ | Returned |
| 14 | C3- 86/2020,4.1.20 | സോമൻ കെ,കെ | Returned |
| 15 | C3-492/16.1.20 | എൽദോസ് പി പോൾ | Returned |
| 16 | C3-4297/20,14.7.20 | ഗംഗാധരൻ | Rejected |
| 17 | C3-181/21,8.1.21 | ബെന്നി | Rejected |
| 18 | C3-2556/21,7.4.21 | ഐഷ സന്തോഷ് | Rejected |
| 19 | C3-3006/21,17.6.21 | ബേസിൽ സി രാജൻ | Rejected |
| 20 | C3-4395/21,16.8.21 | മത്തായി | Rejected |
| 21 | C3-4882/21,10.9.21 | സോമൻ&സുമതിയമ്മ | Rejected |
| 22 | C3-5244/21,28.9.21 | ബോബി വർക്കി&ചിന്നമ്മ | Rejected |

2) മുൻവർഷങ്ങളുൾപ്പെടെ കെട്ടിടങ്ങളുടെ റെഗുലറൈസേഷന വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളുടെ തുടർനടപടിവിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമായിട്ടില്ല.

| ക്രമ നം. | ഫയൽ നം./തീയതി | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | C3-4553/29.6.19 | സൂസൻ ജെന്നി എം.എ |
| 2 | C3-4750/19/8.7.19 | സന്തോഷ് & ആശ സന്തോഷ് |
| 3 | C3- 4785/9.7.19 | ജെസ്സി ബേബി ബേസ് |
| 4 | C3-5344/19/5.8.19 | ഡോ.എബ്രഹാം മാർ സെവനോസ് |
| 5 | C3-7598/19,30.11.19 | സന്തോഷ്കുമാർ ഐ. എൻ |
| 6 | C3-7707/19,4.12.19 | പൗലോസ് |
| 7 | C3-7821/19, 7.12.19 | ജെന്നി ദേവസ്യ |
| 8 | C3-8187/23.12.19 | ശേഖരൻ എം.എൻ |
| 9 | C3-8231/19,26.12.19 | ഉല്ലാസ് കുമാർ |
| 10 | C3-147/20, 6.1.20 | പോൾ പി.പി |
| 11 | C3-298/20,13.1.20 | ദീപ & ബബിത |
| 12 | C3-326/20,14.1.20 | ജയകുമാർ |
| 13 | C3-678/22.1.20 | ബിജു .പി ഡാനിയൽ |
| 14 | C3-694/22.1.20 | കുമാരൻ |
| 15 | C3-794/27.1.20 | ശിവപ്രസാദ് |
| 16 | C3-938/20,1.2.20 | ലിജോ എംജോയ് |
| 17 | C3-1160/20,10.2.20 | സുരേഷ് ഗോപി |
| 18 | C3-1184/11.2.20 | എൽദോസ് |
| 19 | C3-1236/12.2.20 | യൂസെഫ് കെ.എ |
| 20 | C3-1980/3.3.20 | ശ്രീജിത്ത് &ആതിര |
| 21 | C3-3069/20,22.3.20 | രവീന്ദ്രൻ എം |
| 22 | C3-3987,1.7.20 | പൗലോസ് കെ.എം |
| 23 | C3-4089,6.7.20 | ഐഷ സന്തോഷ് |
| 24 | C3-4143/7.7.20 | തമ്പി |
| 25 | C3-6694/20,4.11.20 | ബേസിൽ. സി രാജൻ |
| 26 | C3-3819/21,22.7.21 | മാത്യൂ |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ വകുപ്പ് 235എഎ(1) പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന

വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകേണ്ടതാണ്. മേൽ സൂചിപ്പിച്ച അപേക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം യു എ നമ്പർ നൽകി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/22.12.2022) മറുപടി ലഭ്യമായിട്ടില്ല. മേൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണം സംബന്ധിച്ച തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളാണെങ്കിൽ ആയതിന് മേൽ പറഞ്ഞിരിക്കുന്ന വകുപ്പ്, ചട്ടം എന്നിവ പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-17 ലേലം -ഫയലുകൾ പരിശോധനക്കായി ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം RP-5 Receipts From Auction Of Obsolete Assets എന്ന ഹെഡിൽ 3700/- രൂപ വരവുണ്ട്. പ്രസ്തുത ഫയൽ പരിശോധനക്കായി 22.12.2022 ൽ ലഭ്യമാക്കുവാനായി ഓഡിറ്റ് റിക്വിസിഷൻ നൽകിയിരുന്നു. ആയതിന് മറുപടിയായി 2022 ജനറൽ ട്രാൻസ്ഫർ അനുബന്ധിച്ച് ജീവനക്കാർ സ്ഥലം മാറി വന്നതുമൂലവും ടി സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ജോലിയിൽ പ്രവേശിച്ച ഉടൻ പരിശീലനത്തിനു പോകുകയും ചെയ്തതിനാൽ ടി ഫയൽ യഥാസമയം കണ്ടെത്താൻ സാധിച്ചില്ല എന്നും ആയത് എത്രയും വേഗം കണ്ടെത്തി ഓഡിറ്റ് ഓഫീസിൽ ഹാജരാക്കുന്നതിന് സാവകാശം തരണമെന്നും അറിയിച്ചിട്ടുണ്ട്. ഫയൽ പരിശോധനക്കായി കാലതാമസം കൂടാതെ ലഭ്യമാക്കേണ്ടതാണ്.

## 1-18 മോബൈൽ ടവറുകളുടെ വസ്തു നികുതി,വസ്തു നികുതി കുടിശ്ശിക എന്നിവ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ തൻവർഷത്തെ വസ്തു നികുതി, വസ്തുനികുതി കുടിശ്ശിക എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര്/ കെട്ടിട നം. | വസ്തു നികുതി കുടിശ്ശിക കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ ടവർ, തട്ടാം മുകൾ 16/689/A | 2013 Ist Half മുതൽ - 2022 Nd Half വരെ | 281510/- |
| 2 | ബി.എസ്.എൻ.എൽ മൊബൈൽ സർവീസ്, പെരുമ്പാവൂർ /18/367/B | 2013 Ist Half മുതൽ - 2022 Nd Half വരെ | 281510/- |

മേൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6/19.12.2022) ലഭ്യമായ മറുപടിയിൽ ക്രമ നം.1, 2 മോബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നതിനായി 2019-20 വർഷം വരെ ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും 2021-22 വർഷം വരെ ആർ.ആർ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. ആർ.ആർ നടപടികളുടെ തുടർവിവരം അറിയിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട കെട്ടിടങ്ങളുടെ കേസിന്റെ തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിലെ കേസ് ഫയൽ പരിശോധിച്ചതിൽ നിന്നും 5ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര പാർക്കിലെ താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതും നികുതി അടക്കാത്തതുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കേസ് നമ്പർ |
|---|---|---|
| 1 | ആമെൻസോ മെഡിക്കൽ ടെക്നോളജീസ് | Wp(c)no.13760/2018(T), Dtd |

| | | |
|---|---|---|
| | പ്രൈ. ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | 13.4.2018 |
| 2 | പോളിമെക് ഇൻഡസ്ട്രീസ് ആന്റ് ട്രേഡിംഗ് കമ്പനി, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 3 | മിഡ് ഈസ്റ്റ് ആഗ്രോപ്രോഡക്ട്സ്, പ്രൈ .മലിമിറ്റഡ് കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 4 | ഫാൽക്കൺ മിൽസ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 5 | സ്പെഷാലിറ്റി ഇൻഡ്യൻ ഫുഡ് പാർക്ക്സ് &എക്സ്പോർട്ടസ് പ്രൈ.ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 6 | മാഗ്നമിന്റ് വെൻച്വേഴ്സ് പ്രൈ.ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 7 | ആർ.എം എക്യൂപ്പമെന്റ്സ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 8 | സൂപ്പർടെക്ക് പോളിമേഴ്സ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 9 | വി.ക്യാമ്പ് പോളി കാർപ്പേഴ്സ് എൽ.എൽ.പി, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 10 | മിൽട്ടോ മിൽക്ക് പ്രോഡക്ട്സ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 11 | സാറാ സ്പൈസസ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 12 | റിം റിച്ച് ഫുഡ്സ്, പ്രൈ ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 13 | കൃഷ്ണ സ്പൈസസ് , കിൻഫ്രാ നെല്ലാട് | Wp(c)no.13760/2018(T), Dtd 13.4.2018 |
| 14 | ബോസ് നാച്ചറൽ ഫ്ലേവേഴ്സ് പ്രൈ ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 15 | സെന്റ് മേരീസ് റൈസ് മിൽ, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 16 | സരോജാ ഇൻഡസ്ട്രീസ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 17 | പ്രിൻസ് പോളിമേഴ്സ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 18 | എലിക്സൈർ ,എക്സ്ട്രാക്ട്സ് പ്രൈ .ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 19 | യൂണിപവർ ട്രാൻസ്ഫോമേഴ്സ് പ്രൈ.ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 20 | എം.ഇ പോളിമേഴ്സ് പ്രൈ.ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 21 | ഗ്രോ ഇൻഡ് ഫുഡ് പ്രോഡക്ട്സ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 22 | സ്റ്റാർ പോളി പാക്ക്സ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 23 | പ്രോമിസ് പാക്കേജ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 24 | ബീക്കേ ഫോംസ് പ്രൈ.ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 25 | എ.ബി ഫർണ്ണിഷേഴ്സ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 26 | മെട്രോ പാക്കേജിംഗ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 27 | പോപ്പുലർ ആഗ്രോ മെറ്റൽസ്, കിൻഫ്രാ നെല്ലാട് | Wp(c)no.13719/2018(L) , Dtd 13.4.2018 |
| 28 | ത്രീസ്റ്റാർ പാക്കിംഗ്, കിൻഫ്രാ നെല്ലാട് | Wp(c)no.13172/2019(v) , Dtd 7.5.2019 |

| | | |
|---|---|---|
| 29 | ജീവൻ വെൻച്ചർ ഇൻഡ്യ പ്രൈ.ലിമിറ്റഡ്, കിൻഫ്രാ നെല്ലാട് | Wp(c)no.24488/2019(v), Dtd 6.8.2019 |

1) കേസ് ഫയൽ പരിശോധിച്ചതിൽ നിന്നും ക്രമ നം. 1 മുതൽ 27 വരെയുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 13.4.2018 ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവു പ്രകാരം സ്റ്റേ ചെയ്തിരിക്കുന്നതാണ്. ആയതിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമായിട്ടില്ല.
2) ക്രമ നം.28 ലെ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു . ഹൈക്കോടതി ഉത്തരവു പ്രകാരം 7.5.2019 മുതൽ 2 മാസത്തേക്ക് ആണ് നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് സ്റ്റേ ചെയ്തിരിക്കുന്നത്. ആയതിനു ശേഷം കേസിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമായിട്ടില്ല.
3) ക്രമ നം.29 ലെ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട കേസിന്റെ തുടർ നടപടി വിവരങ്ങൾ ലഭ്യമായിട്ടില്ല.
മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/21.12.2022) ലഭ്യമായ മറുപടിയിൽ ക്രമ നം.1 മുതൽ 27 വരെയുള്ള പ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തു നികുതിയുമായി ബന്ധപ്പെട്ട കേസ് കൈകാര്യം ചെയ്യുന്ന വക്കീലിനെ സമീപിച്ചപ്പോൾ നാളിതുവരെയായി ടി കേസുകൾ ഹിയറിംഗിന് എടുത്തിട്ടില്ലായെന്നും നിയമപ്രശ്നം ഉള്ളതിനാൽ അഡ്വക്കേറ്റ് ജനറലിനു വേണ്ടി ഗവ. പ്ലീഡർ സന്നിഹിതനാവണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ് ഹിയറിംഗിന് എടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹു അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചുകൊണ്ട് 3.11.2020 ൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിലേക്ക് കത്തയച്ചിട്ടുണ്ടെന്നും കേസിലെ വിധിന്യായം ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 20 കെട്ടിട ഉടമകൾക്കെതിരെ റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. നാളിതു വരെയും മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ തീരുമാനമായിട്ടില്ല. കേസിന്റെ തുടർ നടപടി വിവരങ്ങളും റവന്യൂറിക്കവറി തുടർ നടപടികളും അറിയിക്കേണ്ടതാണ്. ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.
ക്രമ നം.28 പ്രകാരമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട തുടർനടപടിയിൽ 24.11.2021 നു കേസ് 3 ആഴ്ചക്കുശേഷം പരിഗണിക്കുന്നതാണെന്ന് കാണിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടി വിവരങ്ങൾ നാളിതു വരെയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ക്രമ നം. 29 പ്രകാരമുള്ള കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട കേസിന്റെ തുടർനടപടിയിൽ ബഹു. ഹൈക്കോടതിയുടെ 8.12.2022 ലെ ഇടക്കാല ഉത്തരവു പ്രകാരം ഡിമാന്റ് നോട്ടീസ് സ്റ്റേ ചെയ്തിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടിക്രമങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്

## 1-20 സാമൂഹ്യസുരക്ഷാപെൻഷൻ -അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.
സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ

ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ 2021-22 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | നെറോതി അയ്യപ്പൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6.5.22 | 9/2022-വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 10/22,11/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 2 | പേർസിസ് മത്തായി | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 20.3.22 | 5/2022 -വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 6/2022 -9/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല. 10/22,11/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 3 | വർഗ്ഗീസ് പൈലി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 29.3.22 | 6/2022-വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 4 | തങ്കമണി പി.പി (എറണാകുളം തൃക്കാക്കര മുനിസിപ്പാലിറ്റി) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.1.22 | 9/2022 -വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 10/22, 11/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 5 | മത്തായി വർക്കി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 15.1.22 | 9/2022-വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 10/22, 11/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 6 | കാളി കണ്ണൻ | കർഷകത്തൊഴിലാളി പെൻഷൻ | 28.1.22 | 3/22 മുതൽ 11/22 വരെ തടഞ്ഞ് വച്ചിരിക്കുന്നു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 7 | ലക്ഷ്മി നാരായണൻ | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ | 22.1.22 | 9/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു . 10/22, 11/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 8 | ചന്ദ്രശേഖരൻ നായർ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 4.2.22 | 4/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു . | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 9 | വി.രാജഗോപാൽ (ശ്രീ മൂല നഗരം ഗ്രാമപഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.1.22 | 9/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു . 10/22, 11/22 തുക ബാങ്കിന് കൈമാറി | അക്കൗണ്ട് ആക്ടീവായി തുടരുന്നു |

1) ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകളിലേക്ക് ഗുണഭോക്താക്കളുടെ മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നുണ്ട്.

2) പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകൾ നിലവിലും സസ്പെൻഡ് ചെയ്തിട്ടില്ല.

3) ക്രമ നം. 4,9 പ്രകാരം മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/22.12.2022) മറുപടി ലഭ്യമായിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള/ബാങ്കിന് കൈമാറിയിട്ടുള്ള തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള നഗരസഭയിലെ മുഴുവൻ ഗുണഭോക്താക്കളുടേയും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

## 1-21 ബ്ലോക്കിൽ നിന്ന് ആനുകൂല്യം ലഭിച്ച വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകി-ചെലവ് നിരാകരിക്കുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയ ശിവാനി സി എസ്, ചേലക്കോട്ടിൽ, വളയൻചിറങ്ങര എന്ന ഗുണഭോക്താവിന് 30000/- രൂപ അനുവദിച്ച് നൽകി. ഗ്രാമപഞ്ചായത്തിൽ നിന്നും ബ്ലോക്ക്പഞ്ചായത്തിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതിനാൽ ഈ പദ്ധതിയിൽ അനുവദിച്ച് നൽകിയ 30000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദവിവരം ഖണ്ഡിക നമ്പർ 3-1 ൽ ചേർത്തിട്ടുണ്ട്.

## 1-22 ഒരേ ഇൻവോയ്സ് പ്രകാരമുള്ള തുക രണ്ട് തവണ സ്ഥാപനത്തിന് നൽകി-അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

പ്രൊജക്ട് നമ്പർ 87/21-22(കോവിഡ് പ്രതിരോധ പ്രവർത്തനം-ഡി.സി.സി.യുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ) പ്രകാരം പെരുമ്പാവൂർ സർജിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ജി.എസ്.ടി.ഇൻവോയ്സ് നമ്പർ (ക്രെഡിറ്റ്)-GR0006164/11.6.21 പ്രകാരമുള്ള 18650/-രൂപ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും നൽകി (ബിൽ നമ്പർ- 32/29.6.21, തുക-367299/-). പ്രൊജക്ട് നമ്പർ 125/21-22 (കോവിഡ് പ്രതിരോധ പ്രവർത്തനം-ഡി.സി.സി.യുടെ അടിസ്ഥാന സൗകര്യ വികസനം) പ്രകാരം ഇതേ ഇൻവോയ്സ് പ്രകാരമുള്ള തുക വീണ്ടും പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും നൽകി (ബിൽ നമ്പർ- 130/12.10.21,തുക-103932/-). തുക തിരികെ ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടു നൽകിയ 16/21.12.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അധികമായി നൽകിയ 18650/- രൂപ തടസപ്പെടുത്തുന്നു.

സ്ഥാപനത്തിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ലെങ്കിൽ ആയത് തിരികെ ലഭ്യമാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-23 ഉപയോഗശൂന്യമായ പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്

മഴവന്നൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ 616 പൊതുടാപ്പുകൾക്ക് പ്രതിവർഷം 5512.5രൂപ നിരക്കിൽ ഓരോ മാസവും 2,83,001/- രൂപ വീതമാണ് തനതു ഫണ്ടിൽ നിന്നും വെള്ളക്കരം അടവാക്കിയിട്ടുള്ളത്. 30.5.2009 ലെ സ.ഉ.(സാധാ)നം.1275/2009/ത.സ്വ.ഭ.വ. പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും തങ്ങളുടെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്.സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ തയ്യാറാക്കണം. ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നല്കുന്നുള്ളുവെന്ന് ഉറപ്പാക്കണം. മേൽ സർക്കാർ ഉത്തരവിലെ നിർദേശമനുസരിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പഞ്ചായത്ത് പരിധിയിലെ ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ആയവ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പ്രതിമാസ വെള്ളക്കരം ഡിമാന്റ് നോട്ടീസുകളിൽ വെള്ളക്കരത്തിനു പുറമേ കുടിശിക ഇനത്തിലും ഫൈൻ ഇനത്തിലും പഞ്ചായത്ത് അടവാക്കേണ്ട തുക കാണിക്കുന്നുണ്ട്. ഈ തുക അടവാക്കാത്തതിനാൽ ഓരോ മാസവും കുടിശിക വർദ്ധിച്ചു വരുന്നുണ്ട്.കുടിശിക തുക പിഴപ്പലിശ സഹിതം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് കുടിശിക ഒഴിവാക്കി ലഭിക്കുന്നതിനോ കുറവു ചെയ്ത് ലഭിക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കുടിശിക ക്രമാതീതമായി വർദ്ധിച്ച് ആയത് പഞ്ചായത്തിനു ലഭിക്കുന്ന ഗ്രാന്റുകളിൽ നിന്നും സർക്കാർ ഉത്തരവത്തിൽ കുറവു ചെയ്ത് ഈടാക്കുന്ന സാഹചര്യം വരുന്നതായിരിക്കും. മേൽ വിഷയം സംബന്ധിച്ച് നൽകിയ 19/21.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

1-24 കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 08/21-22 |
| പേര് | കുട്ടികൾക്കായുള്ള ജില്ലാ വെബ് പോർട്ടൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 12500/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 12500/-(ബിൽ നമ്പർ-319/16.3.22) |

കുട്ടികൾക്കായുള്ള ജില്ല വെബ് പോർട്ടലിന് വികസന ഫണ്ടിൽ നിന്നും ജില്ല പഞ്ചായത്ത് ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേക്ക് 12500/-രൂപ നൽകി. തുക എന്താവശ്യത്തിനാണ് വിനിയോഗിച്ചതെന്നു കാണിക്കുന്ന രേഖകൾ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചത് പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 18/21.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ 12500/-രൂപ തടസപ്പെടുത്തുന്നു.

1-25 ദിവസ വേതന /കരാർ നിയമനം - സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്

സ.ഉ.(അച്ചടി) നം.28/2016/ധന. തീയതി, 26.02.2016 ഉത്തരവിൽ ദിവസ വേതന/കരാർ നിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പല ഓഫീസുകളിലും സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ ദിവസവേതന നിയമനം നടത്തുന്നതായും പലപ്പോഴും അനുവദനീയമല്ലാത്ത തസ്തികകളിലും ഇത്തരത്തിൽ നിയനമം നടത്തുന്നതായും

ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ അംഗീകരിച്ചിട്ടില്ലാത്ത തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടി മാത്രമേ നിയമനം നടത്താവൂ എന്ന് നിർദേശിച്ചു കൊണ്ട് ധനകാര്യ വകുപ്പ് 11.01.2019 ൽ 03/2019/ധന നമ്പർ സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

മഴവന്നൂർ ഗ്രാമപഞ്ചായത്തിൽ എൽ.എസ്.ജി.ഡി.എൻജിനീയറിംഗ് വിഭാഗം ഓഫീസിൽ ദിവസ വേതനത്തിന് ഒരു ക്ലർക്കിനെയും പഞ്ചായത്ത് ഓഫീസ്, വെറ്ററിനറി ഡിസ്പെൻസറി, എഫ്.എച്ച്.സി. എന്നിവിടങ്ങളിൽ ഒന്നു വീതം ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും നിയമിച്ച് 2021-22 വർഷം തനത് ഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ നാലു പേരെയും നിയമിച്ചത് സർക്കാരിന്റെ മുൻകൂർ അനുമതിയോടു കൂടിയാണോയെന്ന് അറിയിക്കുവാനും സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 12/21.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അംഗീകൃതമല്ലാത്ത തസ്തികകളിലെ ദിവസവേതന/കരാർ നിയമനം ധനകാര്യ വകുപ്പിന്റെ 11.01.2019 ലെ 03/2019/ധന നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി മാത്രം നടത്തേണ്ടതാണ്.

### 1-26 സകർമ്മ പോർട്ടലിൽ ചില ഭരണ സമിതി യോഗങ്ങളുടെ മിനിട്സ് ഉൾപ്പെടുത്തിയിട്ടില്ല

സകർമ്മ പോർട്ടൽ പരിശോധിച്ചതിൽ 2021 വർഷം 36 ഭരണ സമിതി യോഗങ്ങൾ ചേർന്ന് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. എന്നാൽ 32 യോഗങ്ങളുടെ മിനിട്സ് മാത്രമേ സകർമ്മയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. 05.11.21 ലും 03.12.21 ലും പഞ്ചായത്ത് കമ്മറ്റി ഹാളിൽ ചേർന്ന അടിയന്തിര യോഗങ്ങളുടെ (യോഗ നമ്പർ യഥാക്രമം 32, 35) മിനിട്സ് പൂർത്തിയായിട്ടില്ല എന്നാണ് സകർമ്മയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇതു കൂടാതെ സകർമ്മയിൽ, മിനിട്സ് എൻട്രി തുടങ്ങാത്തവ എന്ന വിഭാഗത്തിൽ 2021 വർഷത്തിലെ 2 യോഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. 13.01.21 ൽ ചേർന്ന സാധാരണ യോഗത്തിന്റെയും 18.10.21ൽ ചേർന്ന അടിയന്തിര യോഗത്തിന്റെയും (യോഗ നമ്പർ യഥാക്രമം 01, 29) മിനിട്സ് എൻട്രി ആണ് തുടങ്ങാത്തവയായി കാണിച്ചിട്ടുള്ളത്.

2022 വർഷം, 11.01.22ൽ ചേർന്ന ഭരണ സമിതി അടിയന്തിര യോഗത്തിന്റെയും മിനിട്സ് പൂർത്തീകരിച്ചിട്ടില്ല. 27.01.22ലെയും 28.01.22 ലെയും 06.5.22 ലെയും അടിയന്തിര യോഗങ്ങളുടെ മിനിട്സ് എൻട്രി തുടങ്ങിയിട്ടില്ല (യോഗ നമ്പരുകൾ യഥാക്രമം 2, 6, 8, 20). മേൽപ്പറഞ്ഞ ഭരണ സമിതി യോഗങ്ങളുടെ മിനിട്സ് എൻട്രി തുടങ്ങാത്തതിന്റെയും മിനിട്സ് പൂർത്തീകരിച്ച് സകർമ്മയിൽ ഉൾപ്പെടുത്താത്തതിന്റെയും കാരണം അറിയിക്കുവാനും യോഗങ്ങളിലെ വിവിധ അജണ്ടകളിൻമേൽ എടുത്ത തീരുമാനങ്ങൾ അറിയിക്കുവാനും ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 15/21.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. എല്ലാ ഭരണസമിതി യോഗങ്ങളുടെയും മിനിട്സ് തയ്യാറാക്കി സകർമ്മയിൽ കൃത്യമായി അപ് ലോഡ് ചെയ്യണമെന്നുള്ള സർക്കാർ നിർദേശത്തിനു വിരുദ്ധമായി ചില യോഗങ്ങളുടെ മിനിട്സ് മാത്രം സകർമ്മയിൽ ചേർക്കാതിരിക്കുന്ന നടപടി ശരിയല്ല. മിനിട്സിന്റെ അഭാവത്തിൽ ടി യോഗങ്ങളിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഭരണ സമിതി യോഗങ്ങളുടെ മിനിട്സ് കൃത്യമായി തയ്യാറാക്കുന്നതിനും സമയബന്ധിതമായി സകർമ്മ പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

### 1-27 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2021-22 വർഷം ഓരോ മാസവും 1,42,928/- രൂപ വീതമാണ് തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുള്ളത്. LT-8A താരിഫിലുള്ള അൺമീറ്റേർഡ് സ്ട്രീറ്റ് ലൈറ്റുകൾക്കാണ് പഞ്ചായത്ത് തുക അടവാക്കുന്നത്. ഏതെല്ലാം ഇനത്തിലുള്ള എത്രയെണ്ണം ലൈറ്റുകൾ വീതമാണ് കെ.എസ്.ഇ.ബി. വൈദ്യുതി ചാർജ് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളതെന്ന് പരിശോധിക്കുന്നതിനായി ടി വിവരങ്ങൾ ഉൾപ്പെടുത്തി, കെ.എസ്.ഇ.ബി.യിൽ നിന്നും ലഭിച്ച താരിഫ് കാർഡ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത്

ഹാജരാക്കിയില്ല. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടു കൂടിയുള്ള ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നും ഇതിനാവശ്യമായ തുക കെ.എസ്.ഇ.ബി.യിൽ ഒടുക്കേണ്ടതാണെന്നും സർക്കുലർ നമ്പർ-65529/ഡി.സി.3 /12/ത.സ്വ.ഭ.വ.,തീയതി.12.3.2013 ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് നാളിതുവരെയായും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി താരിഫ് കാർഡ് ഹാജരാക്കുന്നതിനും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടും നൽകിയ 20/21.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.താരിഫ് കാർഡ് കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി, ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമേ പണം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

### 1-28 വീട് വാസയോഗ്യമാക്കൽ-വിശദമായ മൂല്യനിർണ്ണയം രേഖപ്പെടുത്തുന്നില്ല.

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ നാല് വീട് വാസയോഗ്യമാക്കൽ പദ്ധതികൾ ആണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. നാല് പദ്ധതികളുടെയും ഫയൽ പരിശോധിച്ചതിൽ ഒരു ഗുണഭോക്താവിന്റേതൊഴികെ, ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം എത്രയെന്ന് രേഖപ്പെടുത്തി മാത്രമാണ് എഞ്ചിനിയർ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളത്. ഫയലുകളിൽ നിന്നും എന്ത് അറ്റകുറ്റപ്പണിയാണ് ചെയ്തിട്ടുള്ളതെന്നോ, പ്രവൃത്തി നടത്തിയതിന് അനുസൃതമായാണോ മൂല്യനിർണ്ണയം നടത്തി ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നോ വ്യക്തമല്ല. ആയതിനാൽ തന്നെ അനുവദിച്ച തുകയുടെ അർഹത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. വ്യക്തിഗത ആനുകൂല്യം അനുവദിക്കുന്ന പദ്ധതികളുടെ സുതാര്യത ഉറപ്പ് വരുത്താൻ ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും ചെയ്ത പ്രവൃത്തിയുടെ വിശദമായ മൂല്യനിർണ്ണയം ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

### 1-29 തൊഴിലുറപ്പ്-മെറ്റീരിയൽ പ്രവൃത്തി നടപ്പാക്കിയതിലെ അപാകതകൾ

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 21.12.2022 ലെ 9ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടി കൂടി പരിഗണിച്ചാണ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

1) മെറ്റീരിയൽ സപ്ലൈ- സ്രോതസ്സിൽ നിന്ന് ജി എസ് ടി കുറവ് ചെയ്തില്ല.

ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. സാധനങ്ങൾ സപ്ളൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട, GST ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി/<br>എം ബുക്ക് നം. | കരാറുകാരന്റെ പേര്<br>/മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | തുക അനുവദിച്ച തീയതി |
|---|---|---|---|
| സ്കൂൾപ്പടി<br>ഏഴിപ്രം റോഡ്<br>സംരക്ഷണം-15/<br>466/20-21 | കെ പി ജോർജ്/<br>290548/- | 5811/- | 08.07.2021 |
| കനാൽ ബണ്ട്<br>മാപ്പുംചേരി കോളനി റോഡ്<br>കോൺക്രീറ്റിംഗ്/<br>448/21-22 | കുര്യൻ പൗലോസ്/<br>445372/- | 8907/- | 05.08.2021 |
| കുരിശുംതൊട്ടി<br>പാത്തിപ്പാലം റോഡ്<br>കോൺക്രീറ്റിംഗ് / | കുര്യൻ പൗലോസ്/<br>324211/- | 6484/- | 05.08.2021 |

| | | | |
|---|---|---|---|
| 445/20-21 | | | |
| കാഞ്ഞിരത്തുംവീട്ടിൽ തേരാപ്പാറ കനാൽബണ്ട് റോഡ് സംരക്ഷണം വാർഡ്-5 / 420/20-21 | ബോസ് വി എം 363937/- | 7279/- | 05.04.2021 |
| മില്ലുംപടി പുളിക്കത്താഴം കൈത്തോട് സംരക്ഷണം വാർഡ്-5 / 480/20-21 | പൗലോസ് എം കെ 772630/- | 15453/- | 12.05.2021 |
| ആകെ | 2196698/- | 43934/- | |

ഭാവിയിൽ മെറ്റീരിയൽ പ്രവൃത്തികളിൽ നിന്ന് ജി എസ് ടി കുറവ് ചെയ്യുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നിയമാനുസൃത ജി എസ് ടി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യിട്ടില്ലാത്തതിനാൽ കരാറുകാർ ജി എസ് ടി അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2) കാഞ്ഞിരത്തുംവീട്ടിൽ തേരാപ്പാറ കനാൽബണ്ട് റോഡ് സംരക്ഷണം വാർഡ്-5 (എം ബുക്ക് നമ്പർ 420/20-21)

ഒരേ പേരിൽ രണ്ട് പ്രവൃത്തികൾ ടെൻഡർ ചെയ്തതായും ഇതിൽ ഒരു പ്രവൃത്തി ക്യാൻസൽ ചെയ്തതായും ആണ് അറിയിച്ചിട്ടുള്ളത്. പ്രവൃത്തികളുടെ രേഖകൾ ശരിയായി സൂക്ഷിച്ചിട്ടില്ല. ശ്രീ. വി എം ബോസ് എന്ന കരാറുകാരൻ 0.01% ശതമാനം എസ്റ്റിമേറ്റിലും കുറവ് രേഖപ്പെടുത്തിയ ടെൻഡർ ഹാജരാക്കിയിട്ടുണ്ട്. ഇതിൽ ചേർത്തിട്ടുള്ള ടെൻഡർ ഫോമിന്റെ വിതരണ തീയതി 13.01.2020 ആണ്. പ്രവൃത്തിയുടെ ഭരണാനുമതി (നമ്പർ 1608012003/19-20/263031തീയതി 14.01.2020), സാങ്കേതികാനുമതി (നമ്പർ 1608012003/19-20/263031തീയതി 15.01.2020) എന്നിവ ലഭിച്ചത് ഫോം വിതരണം ചെയ്ത തീയതിക്ക് ശേഷം മാത്രമാണ് (സൈറ്റ് ഡയറി, മൂല്യനിർണ്ണയ സാക്ഷ്യപത്രം എന്നിവയിലും ഭരണാനുമതിയും സാങ്കേതികാനുമതിയും 14.01.2020, 15.01.2020 എന്നിങ്ങനെ തന്നെയാണ് ചേർത്തിട്ടുള്ളത്). കരാറുകാരനുൾപ്പെടെ മസ്റ്റർ റോൾ പ്രകാരം ഞായറാഴ്ച ഉൾപ്പെടെയുള്ള തൊഴിൽ ദിനത്തിന് അനുസൃതമായി വേതനം ലഭ്യമായിട്ടുണ്ട്. ഹാജരാക്കിയ കരാർ മെറ്റീരിയൽ സപ്ലൈ സംബന്ധിച്ച കരാറിന്റെ ഒരു മാതൃക മാത്രമാണ്. ഇതിൽ പ്രവൃത്തിയുടെയോ കരാറുകാരന്റെയോ വിവരങ്ങൾ ഉൾപ്പെടെ അടിസ്ഥാന വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. സെക്രട്ടറി ഒപ്പ് വച്ചിട്ടില്ല.

07.12.2019 ൽ ജില്ലയിൽ നിന്നും അനുമതി ലഭിച്ചിരുന്നെന്നും സെക്യൂർ സോഫ്റ്റ്‌വെയറിൽ അപ്രൂവൽ കൊടുക്കുന്നതിന് വന്ന താമസം ആണ് തീയതി മാറി വന്നതിന് കാരണം എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. എന്നാൽ പ്രവൃത്തിക്ക് 07.12.2019 ൽ അനുമതി ലഭിച്ചതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3) മെറ്റീരിയലുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

സ. ഉ. (കൈ) നമ്പർ 93/2012 തസ്വഭവ തീയതി 31.03.2012 ഉത്തരവിൽ അനുബന്ധം 6 പ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും മെയ്റ്റ് കൈപ്പറ്റുന്ന സാധനസാമഗ്രികളുടെ വിതരണം രേഖപ്പെടുത്തുന്നുവെന്ന് എഞ്ചിനിയർ ഉറപ്പാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി മെറ്റീരിയലുകൾ സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഇവ സ്റ്റോക്കിലെടുക്കുകയോ വിതരണ വിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. അപാകതയ്ക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

4) കരാർ ചമച്ചിട്ടില്ല.

അഞ്ച് മെറ്റീരിയിൽ പ്രവൃത്തികളിൽ ഒന്നിന് മാത്രമാണ് (മില്ലുംപടി പുളിക്കത്താഴം കൈത്തോട് സംരക്ഷണം) മെറ്റീരിയിൽ സപ്ലൈക്കായി കരാർ വച്ചിട്ടുള്ളത്. മറ്റ് നാല് പ്രവൃത്തികളുടെ ഫയലുകളിലും മുദ്രപ്പത്രം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.

5) ഇ എം ഡി- കണക്ക് സൂക്ഷിക്കുന്നില്ല.

ടെൻഡർ നടപടികളുടെ ഭാഗമായി ലഭിക്കുന്ന നിക്ഷേപങ്ങളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിക്കുകയോ, കണക്കിൽ ഉൾപ്പെടുത്തുകയോ ചെയ്ത് വരുന്നില്ല. നിക്ഷേപങ്ങൾ തിരികെ നൽകേണ്ടവ ആയതിനാൽ

ഇത് സംബന്ധിച്ച കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്.

## 1-30 തരിശ് ഭൂമിയിലെ നെൽകൃഷി-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 17/21-22 |
| പേര് | തരിശ് ഭൂമി നെൽകൃഷി 2021-22 |
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |
| അടങ്കൽ | 3,00,000/-(പൊതുവിഭാഗം വികസന ഫണ്ട്)<br>20,000/-(തനത് ഫണ്ട്) |
| ചെലവ് | 30940/-(ബിൽ നമ്പർ-294/08.3.22) |

പ്രൊജക്ട് പ്രകാരം ,തരിശ് ഭൂമിയിലെ നെൽകൃഷിക്ക് ഏലിയാസ് മത്തായി എന്ന വ്യക്തിക്ക് 21,000/-രൂപയും വൽസ കുഞ്ഞുമോൻ എന്ന വ്യക്തിക്ക് 9940/-രൂപയും സബ്സിഡി നൽകി.സ.ഉ.(സാധാ)നം.1009/2020/ത.സ്വ.ഭ.വ., തീ.29.5.20 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശ് ഭൂമിയായി പരിഗണിക്കേണ്ടത്. ആയത് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തണം.എന്നാൽ ഇവിടെ ഭൂമി തരിശായി കിടക്കുകയായിരുന്നുവെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റും പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ചുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ടും പ്രൊജക്ടിനൊപ്പം ഹാജരാക്കിയില്ല.

അതാത് ഗ്രാമപഞ്ചായത്തുകളിൽ വോട്ടർമാരായിട്ടുള്ളവർക്കാണ് അതാത് പഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതത്തിൽ നിന്നും ആനുകൂല്യം നൽകേണ്ടത്. ആനുകൂല്യം ലഭിച്ച വൽസ കുഞ്ഞുമോൻ കൃഷി ചെയ്ത നിലം മഴവന്നൂർ പഞ്ചായത്തിൽആണെങ്കിലും ഹാജരാക്കിയ റേഷൻ കാർഡിന്റെ പകർപ്പ് പ്രകാരം ടിയാൾ ഐക്കരനാട് പഞ്ചായത്തിലെ സ്ഥിരതാമസക്കാരിയാണ്. മറ്റൊരു പഞ്ചായത്തിൽ താമസമാക്കിയ വ്യക്തിക്ക് മഴവന്നൂർ പഞ്ചായത്തിൽ നിന്നും ആനുകൂല്യം നൽകുകയാണ് ചെയ്തത്. പദ്ധതി നിർവ്വഹണത്തിലെ മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട കൊണ്ട് നൽകിയ 32/23.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് കൃഷി ഓഫീസർ മറുപടി ലഭ്യമാക്കി. ശ്രീമതി വത്സകുഞ്ഞുമോൻ മഴവന്നൂർ പഞ്ചായത്തിൽ ഭൂമി പാട്ടത്തിനെടുത്ത് തരിശു നെൽകൃഷി ചെയ്തതാണെന്നും പരിശോധന നടത്തിയതിനുശേഷമാണ് ആയതിന് ആനുകൂല്യം അനുവദിച്ചതെന്നും ആനുകൂല്യം അനുവദിച്ചപ്പോൾ, കൃഷി ഭൂമി മഴവന്നൂർ പഞ്ചായത്തിലാണെന്നതു മാത്രമേ പരിഗണിക്കുകയുണ്ടായുള്ളൂ എന്നുമാണ് കൃഷി ഓഫീസർ മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. തുടർന്ന് ഇത്തരം പദ്ധതി നടപ്പിലാക്കുമ്പോൾ കൃഷി ചെയ്ത ഭൂമി തരിശായി കിടക്കുകയായിരുന്നുവെന്ന് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പിന്റെ പ്രൊജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 1-31 മരങ്ങൾ മുറിച്ചു മാറ്റിയത് ലേലം ചെയ്തു നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

കോവിഡിനു ശേഷം സ്കൂളുകൾ തുറക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലെ 4 സ്കൂളുകളുടെയും 1 അംഗനവാടിയുടെയും കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങളും ശിഖരങ്ങളും വെട്ടിമാറ്റിയതിന് കൂലി ഇനത്തിൽ വൗച്ചർ നമ്പർ-22100778/08.11.22 പ്രകാരം 39,500/- രൂപയും ക്രെയിൻ വാടക ഇനത്തിൽ വൗച്ചർ നമ്പർ-22100779/08.11.22 പ്രകാരം 6500/-രൂപയും അടക്കം ആകെ 46,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മുറിച്ചു മാറ്റിയ മരങ്ങളും ശിഖരങ്ങളും അതാത് സ്ഥാപനങ്ങളുടെ പരിസരത്തു തന്നെ വെട്ടി അടുക്കി സൂക്ഷിച്ചിട്ടുണ്ടെന്ന് സ്ഥാപന മേധാവികൾ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. വനം വകുപ്പിൽ നിന്നും തടിയുടെയും വിറകിന്റെയും വാല്യുവേഷൻ പ്രത്യേകം ലഭ്യമാക്കി ആയവ ലേലം ചെയ്തു നൽകി പഞ്ചായത്ത് ഫണ്ടിലേക്ക് തുക മുതൽക്കൂട്ടിയതിന്റെ

വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 31/23.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

1-32 പുതിയതായി എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചത്-അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 78/21-22 |
| പേര് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 11,00,000/-<br>(ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാന്റ്) |
| ചെലവ് | 10,98,465/-(സാംഖ്യ ബിൽ നമ്പർ-370/25.3.22,PFMS വൗച്ചർ നമ്പർ-XVFC/2021-22/P/5,തീയതി-26.3.22,) |

2021-22 വർഷം എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റ് വാങ്ങുന്നതിനായി ഇ-ടെൻഡർ ക്ഷണിക്കുകയും 10 സ്ഥാപനങ്ങൾ ടെൻഡറിൽ പങ്കെടുക്കുകയും ചെയ്തു. ഏറ്റവും കുറവ് തുക ടെൻഡറിൽ രേഖപ്പെടുത്തിയ Radiato Embedded Systems, അഹമ്മദാബാദ് എന്ന സ്ഥാപനത്തിന് 45W LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് സപ്ളൈ ഓർഡർ നൽകുകയും ചെയ്തു. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പരാമർശങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ 30/23.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1) പ്രൊജക്ട് രൂപീകരണ ഫോറത്തിൽ പ്രൊജക്ട് ലക്ഷ്യമായി നൽകിയിരിക്കുന്നത് സർക്കാർ സ്ഥാപനമായ ക്രൂസുമായി എഗ്രിമെന്റ് വെച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചു നൽകുന്ന മുറയ്ക്ക് ധനസഹായം നൽകുന്നു എന്നാണ്. എന്നാൽ പിന്നീട് ഇ ടെൻഡർ വിളിച്ചു. ഇതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സകർമ്മ പോർട്ടലിലെ മിനിട്സ് പരിശോധിച്ചതിൽ ഇതു സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടില്ല.

2) പഞ്ചായത്ത് അപ് ലോഡ് ചെയ്ത PRICE ടെൻഡർ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് നൽകിയിരിക്കുന്നത് ഒരു ലൈറ്റിന് 3000/-രൂപ നിരക്കിൽ 365 ലൈറ്റുകൾക്കുള്ള തുകയാണ്. Radiato Embedded Systems ക്വാട്ട് ചെയ്തത് ഒരു ലൈറ്റിന് 1567/-രൂപ നിരക്കിൽ 365 ലൈറ്റുകൾക്ക് 5,71,955/- രൂപയാണ്. എന്നാൽ 701 എണ്ണം ലൈറ്റുകൾ സ്ഥാപിക്കുന്നതിനാണ് സ്ഥാപനത്തിന് സപ്ളൈ ഓർഡർ നൽകിയത്. ലൈറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെയും എസ്റ്റിമേറ്റ് പുതുക്കിയതിന്റെയും കാരണം ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

3) ഒരു വാർഡിൽ 36 ലൈറ്റുകൾ വീതം 19 വാർഡുകളിൽ ആകെ 684 എണ്ണം ലൈറ്റുകൾ സ്ഥാപിക്കാനാണ് സ്ഥാപനത്തിന് പഞ്ചായത്ത് നിർദേശം നൽകിയത്. ലൈറ്റുകൾ സ്ഥാപിച്ചതായി വാർഡ് 5 ലെ മെമ്പർ ഒഴികെ ബാക്കി മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. വാർഡ് 5 ൽ ലൈറ്റുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർ സാക്ഷ്യപത്രം നൽകാത്തതിനാൽ ടി വാർഡിൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന വിവരം വ്യക്തമല്ല. ലൈറ്റുകൾ സ്ഥാപിച്ചതായി കെ.എസ്.ഇ.ബി. നൽകുന്ന ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഫയലിൽ ഇല്ല. ലൈറ്റുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) 36 ലൈറ്റുകൾ വീതം 19 വാർഡിലും സ്ഥാപിച്ചതിനു ശേഷം(ആകെ 684 എണ്ണം) 13 ലൈറ്റുകളും 200 പൈപ്പും 200ക്ളാമ്പും ബാലൻസ് വന്നത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നുള്ള പഞ്ചായത്ത് പ്രസിഡന്റിന്റെ 02.01.22ലെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 17 ലൈറ്റുകളാണ് ബാക്കി വരേണ്ടത്(701-684=17). പഞ്ചായത്ത് മിനി കോൺഫറൻസ് ഹാളിലെ ഒരു മൂലയിൽ പൈപ്പുകളും ക്ളാമ്പുകളും മാത്രം കൂട്ടിയിട്ടിട്ടുള്ളതായി കാണാൻ കഴിഞ്ഞു. ആവശ്യകത നിർണ്ണയിക്കാതെ സപ്ളൈ ഓർഡർ നല്കിയതു മൂലം 17 ലൈറ്റുകൾ അധികമായി വരികയും 26639/-രൂപ(1567X17) യുടെ പാഴ്ചെലവ് വരികയും ചെയ്തു. ബാലൻസ് ലൈറ്റുകളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 17 ലൈറ്റുകൾ പിന്നീട് പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം

വ്യക്തമാക്കേണ്ടതാണ്.

5) ലൈറ്റുകൾ പുതിയതായി സ്ഥാപിച്ചപ്പോൾ പോസ്റ്റുകളിൽ നിലനിന്നിരുന്ന പഴയ ലൈറ്റുകൾ ഫിറ്റിംഗ്സുകൾ ഉൾപ്പെടെ അഴിച്ചു മാറ്റിയത് സ്ക്രാപ്പായി ലേലം ചെയ്തു നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

6) പ്രൊജക്ട് പ്രകാരമുള്ള 684 ലൈറ്റുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ നമ്പരുകൾ ഉൾപ്പെടെ പഞ്ചായത്ത് പരിധിയിലുള്ള ഓരോ തെരുവു വിളക്കിന്റെയും ഇനം,അവ സ്ഥാപിച്ച പോസ്റ്റ് നമ്പരുകൾ എന്നിവ വാർഡ് തിരിച്ച് രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നാമമാത്രമായ വൈദ്യുതി ചാർജ്ജുള്ള എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിച്ച വിവരം കെ.എസ്.ബി.യെ അറിയിച്ച് അൺ മീറ്റേർഡ് സ്ട്രീറ്റ് ലൈറ്റുകളുടെ നിലവിലുള്ള പ്രതിമാസ വൈദ്യുതി ചാർജിൽ കുറവു വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

7) സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സുകൾ, 30.9.21 ൽ സെക്രട്ടറിയുമായി വെച്ച കരാർ എന്നിവ പ്രകാരം ഇൻസ്റ്റലേഷൻ തീയതി മുതൽ 2 വർഷമാണ് എൽ.ഇ.ഡി.ലൈറ്റുകളുടെ ഓൺസൈറ്റ് വാറന്റി. സ്ഥാപനം ഹാജരാക്കിയ 3 സാംപിൾ ലൈറ്റുകളുടെ ഗുണമേന്മ പരിശോധിച്ച് നാട്ടകം ഗവ.പോളിടെക്നിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം സാധാരണ കാലാവസ്ഥയിൽ മാത്രം പ്രവർത്തിക്കുന്നവ മാത്രമാണ് ടി ലൈറ്റുകൾ. കൂടാതെ ടെൻഡറിനൊപ്പം സ്ഥാപനം ഹാജരാക്കിയിട്ടുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ വെൻഡർ അസസ്മെന്റ് റിപ്പോർട്ട് പ്രകാരം പ്രൊഡക്ട് ക്വാളിറ്റി സ്ഥാപനം ഉറപ്പു വരുത്തുന്നത് മൾട്ടി മീറ്ററിൽ ചെക്ക് ചെയ്തും ഫൈനൽ പാക്കിംഗിനു മുൻപ് ലൈറ്റ് തെളിയിച്ചു നോക്കിയും മാത്രമാണ്. സുരക്ഷ, ലൈറ്റുകളുടെ ഗുണമേന്മ എന്നിവ ഉറപ്പു വരുത്തുന്നതിനുള്ള ഇലക്ട്രിക്കൽ ടെസ്റ്റിംഗ് (എർത്തിംഗ്) സ്ഥാപനം നടത്തുന്നില്ലെന്ന് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.ഇക്കാരണങ്ങളാൽ ലൈറ്റുകൾ അടിക്കടി കേടാകാൻ സാദ്ധ്യതയുണ്ട്. സ്ഥാപനം പ്രവർത്തിക്കുന്നത് ഗുജറാത്തിൽ ആയതിനാൽ ലൈറ്റുകൾ കേടാകുന്നത് വാറന്റി കാലയളവിൽ കൃത്യമായി റിപ്പയർ ചെയ്യുന്നതിന്/മാറ്റിയിടുന്നതിന് സ്ഥാപനം നടത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് സംബന്ധിച്ച് ഫയലിൽ രേഖകളില്ല. ഇൻസ്റ്റലേഷനു ശേഷം സ്ഥാപനം എത്ര തവണ ലൈറ്റുകളുടെ തകരാർ പരിഹരിക്കുന്നതിന് സൈറ്റുകൾ സന്ദർശിച്ചുവെന്നതിന് രേഖകളില്ല. ഭൂരിഭാഗം ലൈറ്റുകളും പ്രവർത്തിക്കുന്നില്ലെന്നും ആയതിനാൽ ലൈറ്റുകൾ റിപ്പയർ ചെയ്യുകയോ മാറ്റി പുതിയവ സ്ഥാപിക്കുകയോ ചെയ്യണമെന്നും അല്ലാത്ത പക്ഷം സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുമെന്നും കാണിച്ചു കൊണ്ട് 28.11.22 ൽ സെക്രട്ടറി C2-2601/22 ആയി സ്ഥാപനത്തിന് കത്തു നൽകിയത് ഫയലിൽ ഉണ്ട്. കത്തിന്മേൽ സ്ഥാപനം എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതാണ്.

8) 2021-22 വർഷം സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനുള്ള പ്രൊജക്ട് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയിട്ടില്ല. പുതിയതായി സ്ഥാപിച്ച എൽ.ഇ.ഡി.ലൈറ്റുകൾ ഭൂരിഭാഗവും കേടായിരുന്നുവെന്ന് ഫയലിൽ പരാമർശിച്ചിട്ടുണ്ട്.തെരുവ് വിളക്കുകൾ കൃത്യമായി പരിപാലിക്കുന്നതിന് നിലവിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല.

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിലെ മേൽ പരാമർശിച്ചിരിക്കുന്ന അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണ്. ആവശ്യമുള്ളതിലും അധികമായി വാങ്ങിയതും സ്ഥാപിക്കാതെ അവശേഷിച്ചതുമായ 17 എൽ.ഇ.ഡി.സ്ട്രീറ്റ് ലൈറ്റുകളുടെ വിലയായ 26,639/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-33 സ്വകാര്യ വ്യക്തി കൈവശം വെച്ചിരിക്കുന്ന പഞ്ചായത്ത് വക സ്ഥലം അളന്നു തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ടതാണ്

മഴവന്നൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 16ൽ മഴവന്നൂർ വില്ലേജ് ബ്ലോക്ക് 33, റീസർവ്വേ 15/1 ൽ 03.50 ആർ (08.648 സെന്റ്) പഞ്ചായത്ത് വക സ്ഥലം ഒരു സ്വകാര്യ വ്യക്തി കൈവശം വെച്ചിരിക്കുകയാണെന്നും ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി ടി സ്ഥലം അളന്നു

തിട്ടപ്പെടുത്തി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമുള്ള വാർഡ് മെമ്പറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലം അളന്ന തിട്ടപ്പെടുത്തി നൽകുന്നതിന് കുന്നത്തുനാട് താലൂക്ക് സർവ്വയർക്ക് അപേക്ഷ നൽകുവാൻ 08.3.22 ലെ ഭരണ സമിതി യോഗത്തിൽ 16(1) നമ്പരായി തീരുമാനം എടുത്തിട്ടുണ്ട്. കൈയ്യേറ്റം ഒഴിപ്പിച്ച് സ്ഥലം അളന്ന തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോയെന്ന് ആരാഞ്ഞു കൊണ്ട് 29/23.12.22 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയില്ല. സ്ഥലം ഒഴിപ്പിച്ച് അളന്ന തിട്ടപ്പെടുത്തി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇതു കൂടാതെ പുറമ്പോക്ക്, തണ്ണീർത്തടങ്ങൾ, പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മറ്റ് സ്ഥലങ്ങൾ എന്നിവ സ്വകാര്യ വ്യക്തികൾ കയ്യേറിയിട്ടുണ്ടെങ്കിൽ ആയവയും ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 01/21-22 |
| പേര് | പദ്ധതി രൂപീകരണ നിർവ്വഹണ മോണിട്ടറിംഗ് പ്രവർത്തനങ്ങൾ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 66631/-(പൊതു വിഭാഗം വികസന ഫണ്ട്)<br>100000/-(തനത് ഫണ്ട്) |
| ചെലവ് | 11110/- (ബിൽ നമ്പർ-61/15.7.21)<br>47524/- (ബിൽ നമ്പർ-124/11.10.21)<br>7997/- (ബിൽ നമ്പർ-183/14.12.21) |
| | 4570/- (വൗച്ചർ നമ്പർ-22101458/ തീയതി 31.3.22) |

ടെണ്ടർ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചതിന് മേൽ നമ്പർ പ്രൊജക്ട് പ്രകാരം 15.7.21 ൽ 11110/-രൂപയും 14.12.21 ൽ 7997/-രൂപയും വികസന ഫണ്ടിൽ നിന്നും മംഗളം ദിനപ്പത്രത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽ തുകകളുടെ ടാക്സ് ഇൻവോയ്സുകൾ പ്രൊജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. 19107- രൂപയുടെ ഇൻവോയ്സുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 14/21.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ചെലവിനെ സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ 19107/-രൂപ തടസപ്പെടുത്തുന്നു.

## 1-35 പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL 17W 6910 മഹീന്ദ്ര ബൊലേറോയുടെ ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ.(പി)നം.803/70/ഫിൻ,തീയതി.13.11.1970 പ്രകാരം സർക്കാർ മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചു. ഇതിലെ ചട്ടം 33 പ്രകാരം ഓരോ യാത്ര ആരംഭിക്കുന്നതിനു മുൻപും, വാഹനം ഉപയോഗിക്കുന്ന വ്യക്തി സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം, യാത്രോദ്ദേശ്യം തുടങ്ങി അവശ്യം വേണ്ട വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. യാത്രാവസാനം യാത്ര ചെയ്ത ദൂരവും വ്യക്തിയുടെ ഒപ്പും രേഖപ്പെടുത്തേണ്ടതാണ്. ഓരോ ട്രിപ്പിനും പ്രത്യേകം എൻട്രി നടത്തേണ്ടതാണ്. പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ വാഹനം ഉപയോഗിക്കുന്ന ചില ഉദ്യോഗസ്ഥർ ഒപ്പിടുന്നില്ല.

2) ചട്ടം 41 പ്രകാരം ഓരോ തവണയും വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ആകെ അളവ്, ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഉള്ള ഓഡോമീറ്റർ റീഡിംഗ്, ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേരും ഉദ്യോഗപ്പേരും ഒപ്പും എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്കിന്റെ പൂർണ്ണ ശേഷിയിൽ നിറയ്ക്കുവാനാവശ്യമായ ഇന്ധനത്തിന്റെ അളവ്, മുൻപ് ഇന്ധനം നിറച്ചതിനുശേഷം ഓടിയ ദൂരം എന്നിവ വാഹനത്തിന്റെ നിയന്ത്രണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഒരു കിലോ മീറ്ററിന്

വേണ്ടി വരുന്ന യഥാർത്ഥ ഇന്ധന ഉപഭോഗം കണക്കാക്കി ഇന്ധന ക്ഷമതാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ ശരാശരി ഇന്ധന ഉപഭോഗവുമായി താരതമ്യം ചെയ്യേണ്ടതുമാണ്.ഇക്കാര്യങ്ങൾ കൃത്യമായി ചെയ്ത് പഞ്ചായത്ത് വാഹനത്തിന്റെ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3) ചട്ടം 3 & 37പ്രകാരം തൻമാസത്തെ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും ആകെ യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തക്കുറിപ്പ് (Log Book Summary) ലോഗ് ബുക്കിൽ തന്മാസം അവസാനത്തെ ദിവസം രേഖപ്പെടുത്തേണ്ടതാണെങ്കിലും ഇപ്രകാരം ചെയ്യുന്നില്ല.

4) ചട്ടം 3, 43 എന്നിവ പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപ്പണി സംബന്ധിച്ച് Repair And Maintenance Register സൂക്ഷിക്കുകയോ അറ്റകുറ്റപ്പണിയെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5) ജി.ഓ.(എം.എസ്)നം.113/2003/ഫിൻ/24.2.2003 പ്രകാരം വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന വർഷത്തിലൊരിക്കൽ നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-36 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല

ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണത്തിനായി 2021-22 വർഷം കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | അടങ്കൽ | ചെലവ് (ബിൽ നമ്പർ/തീയതി) |
|---|---|---|---|
| 1 | 130/21-22<br>കുറ്റിപ്പിള്ളി - പ്ലാവിൻ ചുവട് റോഡ് - സ്ട്രീറ്റ് മെയിൻ വലിക്കൽ | 2,50,000/-(ധനകാര്യ കമ്മീഷൻ അൺടൈഡ് ഗ്രാന്റ്) | 2,39,068/-<br>(181/14.12.21) |
| 2 | 79/21-22<br>വിവിധ വാർഡുകളിൽ സ്ട്രീറ്റ്മെയിൻ വലിക്കൽ (പ്രോജക്ട് നം.19/21& 102/21 | 15,65,000/-(ധനകാര്യ കമ്മീഷൻ അൺടൈഡ് ഗ്രാന്റ്) | 6,05,719/-<br>(345/22.3.22) |
| | ആകെ ചെലവ് | | 8,44,787/- |

പ്രവൃത്തി പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നും ഫൈനൽ ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 28/23.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് ധനവിനിയോഗ, പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാക്കി ഹാജരാക്കുന്നതു വരെ 8,44,787/-രൂപ തടസപ്പെടുത്തുന്നു.

## 1-37 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷീക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്.കൂടാതെ ആസ്തികളുടെ അർദ്ധ വാർഷീക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-38 മരാമത്ത് പ്രവർത്തി-അപാകങ്ങൾ

1) ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവർത്തികളിൽ മാന്വൽ ടെൻഡർ നടക്കുമ്പോൾ ടെൻഡർ ഫോറം ഫോട്ടോസ്റ്റാറ്റ് എടുത്ത് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. എന്നാൽ ഇപ്രകാരം എടുക്കുന്ന കോപ്പികൾ ക്രമനമ്പർ ചേർക്കാതെയും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്താതെയും നൽകുന്നതിനാൽ മുഴുവൻ ടെൻഡർ ഫോറങ്ങളുടെയും വില ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. ഭാവിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി.

2) ടെൻഡർ ഫോറങ്ങളിൽ വില രേഖപ്പെടുത്തുന്നില്ല.

ടെൻഡർ ഫോറങ്ങളിൽ എല്ലാത്തിലും വില രേഖപ്പെടുത്തിയിട്ടില്ല. അപാകങ്ങൾ ആവർത്തിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(22/22.12.2022) മറുപടി ലഭിച്ചു.

3) റോഡ് പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

റോഡ് പ്രവൃത്തികളിൽ അതിരുകൾ രേഖപ്പെടുത്തുന്നതിന് പ്രാദേശികമായ അടയാളങ്ങളാണ് രേഖപ്പെടുത്തിവന്നിരുന്നതെന്നും ഇനിമുതൽ ചെയിനേജ് രേഖപ്പെടുത്തുന്നതാണെന്നും ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അറിയിക്കുകയുണ്ടായി.

4) സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല;പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കുന്നില്ല.

2012ലെ കേരള പൊതുമരാമത്ത് മാന്വൽ (2009.6) പ്രകാരം അംഗീകരിച്ച ടെൻഡർ സമർപ്പിച്ച കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കുകയും സെലക്ഷൻ നോട്ടീസ് കരാറുകാരൻ കൈപ്പറ്റി 14 ദിവസത്തിനകം പിഴകൂടാതെയും തുടർന്നുവരുന്ന 10 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 1% പിഴയോടുകൂടിയും കരാർ ഉടമ്പടി ചമക്കാവുന്നതാണ്. എന്നാൽ പല മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിലും സെലക്ഷൻ നോട്ടീസ് അയച്ചതായി കാണുന്നില്ല. അതിനാൽതന്നെ യഥാസമയം കരാർ ഉടമ്പടി ചമച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല. (ഉദാഹരണം:പ്രൊജക്ട് നം.105/22 സ്കൂൾ കിണറുകളുടെ സംരക്ഷണം) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നേരിട്ട് നൽകുകയായിരുന്നുവെന്നും ഇനിമുതൽ കൈപ്പറ്റ് രേഖപ്പെടുത്തി വെക്കുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി.

5) കരാർ ഉടമ്പടിയിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല.

കരാർ ഉടമ്പടിയിൽ നിഷ്കർഷിച്ചിരിക്കുന്ന സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽനിന്നും 2012ലെ കേരള പൊതുമരാമത്ത് മാന്വൽ (2116.1) പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപപഞ്ചായത്തിൽ ചമച്ചിരിക്കുന്ന കരാർ ഉടമ്പടിയിൽ ഒന്നിലും പൂർത്തീകരണ സമയം കാണിച്ചിട്ടില്ല. അതിനാൽ തന്നെ വൈകി പൂർത്തീകരിച്ചിരിക്കുന്ന പല പ്രവർത്തികളിലും കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നതിനും സാധിക്കുന്നില്ല. ഉദാഹരണമായി (പ്രൊജക്ട് നം.105/22, സ്കൂൾ കിണറുകൾ സംരക്ഷണം) എന്ന പ്രവൃത്തി 2.2.2020ന് കരാർ ഉടമ്പടി ചമച്ച് (നം.ഇല്ല) 28.2.2020ന് പ്രവൃത്തി സ്ഥലം കൈമാറിയിട്ടുണ്ട്. എന്നാൽ കേവലം 2,00,000/-രൂപ മാത്രം അടങ്കലുള്ള താര്യതമേന ചെറിയതായ ഈ പ്രവൃത്തി തുടങ്ങുന്നത് തന്നെ 11.11.2021 ന് മാത്രമാണ് (അളവ് പുസ്തകം നം.54/21-22)ഈ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 15.12.2021നുമാണ്. പൂർത്തീകരണകാലാവധി കരാർ ഉടമ്പടിയിൽ നിഷ്കർഷിക്കാത്തതിനാൽ കരാറുകാരനിൽനിന്നും ഇത്തരം സാഹചര്യങ്ങളിൽ പിഴ പലിശ ഈടാക്കുന്നതിന് സാധിക്കുന്നില്ല. ഇത് സംബന്ധിച്ച എൻക്വയറിക്ക് മറുപടിയായി വരുംവർഷങ്ങളിൽ കരാർ ഉടമ്പടിയിൽ പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നതാണെന്ന് അറിയിക്കുകയുണ്ടായി.

അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ച വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് നൽകി-ചെലവ് നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| പ്രോജക്ട് നം | S49/22 |
| അടങ്കൽ | 400000/-( എസ് സി പി) |
| ചെലവ് | 385000/- |
| ബിൽ നം/ തീയതി | 162/21-22 തീയതി 04.12.2021 തുക 90000/-<br>196/21-22 തീയതി 28.12.2021 തുക 50000/-<br>197/21-22 തീയതി 28.12.2021 തുക 30000/-<br>276/21-22 തീയതി 28.02.2022 തുക 215000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന 18 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ച് നൽകിയിട്ടുണ്ട്. വടവുകോട് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ 25.11.2021 ലെ VB-158/21 നമ്പർ കത്തിൽ ബ്ലോക്ക് നടപ്പാക്കിയ ഇതേ പദ്ധതിയിൽ ആനുകൂല്യം നൽകിയ വിദ്യാർത്ഥികളുടെ പട്ടിക ചേർത്തിട്ടുണ്ട്. ഈ പട്ടികയിൽ ശിവാനി സി എസ്, ചേലക്കോട്ടിൽ, വളയൻചിറങ്ങര എന്ന ഗുണഭോക്താവിന് ബ്ലോക്കിൽ നിന്നും 30000/- രൂപ അനുവദിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ വിദ്യാർത്ഥിനിക്ക് തന്നെ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയിലും 30000/- രൂപ അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താവ് അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 19.12.2022 ൽ നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 130/21, സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 22100971/ 16.12.2021 | 239068/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | |

| | | | | | |
|---|---|---|---|---|---|
| കെ എസ് ഇ ബി | 79/21,സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ | 22100971/ 16.12.2021 | 605719 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| ക്രമ നം | വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 0 | 2021-22 | 547162 | 16/22 സമഗ്ര നെൽകൃഷി വികസനം | 547162 | 0 |
| 2 | ബ്ലോക്ക്പഞ്ചായത്ത്' | 0 | 2021-22 | 1990000 | 91/22, ലൈഫ് ഭവനപദ്ധതി (ജനറൽ) | 1990000 | 0 |
| 3 | ബ്ലോക്ക്പഞ്ചായത്ത് | 0 | 2021-22 | 1260000 | 93/22, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (എസ്.സി) | 1260000 | 0 |
| 4 | ബ്ലോക്ക്പഞ്ചായത്ത് | 0 | 2021-22 | 240000 | 27/22 ലൈഫ് ഭവനപദ്ധതി (ജനറൽ) | 240000 | 0 |
| 5 | ബ്ലോക്ക്പഞ്ചായത്ത് | 0 | 2021-22 | 122983 | 28/22, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (എസ്.സി) | 122983 | 0 |
| 6 | ബ്ലോക്ക്പഞ്ചായത്ത് | 0 | 2021-22 | 1281558 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1281558 | 0 |
| 7 | ബ്ലോക്ക്പഞ്ചായത്ത് | 0 | 2021-22 | 550000 | 9/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 550000 | 0 |
| 8 | ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 1260000 | 91/22, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (ജനറൽ) | 1260000 | 0 |
| 9 | ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 2870000 | 93/22, ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (ജനറൽ) | 2870000 | 0 |
| 10 | ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 410000 | 92/22 ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി (എസ്.സി) | 410000 | 0 |
| 11 | ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 900000 | 27/22 ലൈഫ് ഭവനപദ്ധതി (ജനറൽ) | 900000 | 0 |
| 12 | ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 445926 | 28/22 ലൈഫ് ഭവനപദ്ധതി – എസ്.സി. | 445926 | 0 |
| 13 | ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 550000 | 9/22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 550000 | 0 |
| 14 | ജില്ലാ പഞ്ചായത്ത് | 0 | 2021-22 | 243000 | 4/22 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 243000 | 0 |
| 15 | ജില്ലാ പഞ്ചായത്ത് | 353725 | 2018-19 | 0 | 235/21 ഏത്തക്കാട്ടിൽ കോളനി നവീകരണം | | 353725 |
| 16 | ബ്ലോക്ക് പഞ്ചായത്ത് | 4194362 | ലഭ്യമല്ല | 700000 | 229/21 സ്പോർട്സ് കിറ്റ് വിതരണം | 1420000 | 3474362 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ-വായ്പ തിരിച്ചടവ്

| വായ്പയുടെ | ഉത്തരവ് | തൻവർഷത്തെ | വർഷാരംഭത്തിൽ | തൻ വർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ഉദ്ദേശ്യം | നം./ തീയതി | വായ്പ തുക | തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ലോൺ (KURDFC) വഴി ലഭിച്ചത് | ----- | 3360000 | 11856000 | 3828000 | ----- | 11388000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. 180400101 എന്ന ഹെഡ്ഡിൽ 24619/- രൂപയും, 180400199 എന്ന ഹെഡ്ഡിൽ 2326/- രൂപയും ഉൾപ്പെടെ ആകെ 26765/- രൂപയാണ് ഈയിനത്തിലെ വരവ്.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-1 | 5000 | ഉണ്ണി രാജൻ | 121030101666/10.08.21 |
| 2015-16 | 3-4 | 2025 | എം എൻ മോഹനൻ | 121030101994/07.09.21 |
| 2001-02 | 10 | 2088 | ശ്യാംകുമാർ | 121030103224/09.11.21 |
| 2000-01 | 40 | 234 | ചാണ്ടി എം കുര്യൻ | 121030103450/16.11.21 |
| 2000-01 | 40 | 1015 | ജോയി പി ഐസക്ക് | 121030103540/18.11.21 |
| 1998-99 | 42 | 1287 | കെ പി വിനോദ്കുമാർ | 121030104242/08.12.21 |
| 2007-08 | 2-3 | 175<br>75<br>75<br>425 | ബിനു സാബു<br>വർക്കി വർഗീസ്<br>സാബു അബ്രഹാം<br>ജിജോ ഡേവിഡ് | 121030106729/10.03.22<br>121030106730/10.03.22<br>121030106731/10.03.22<br>121030106759/10.03.22 |
| 2012-13 | 2-1 | 6720 | എൻ ജെ ജോർജ് | 121030107579/25.03.22 |
| ലഭ്യമല്ല | 2-3 | 5500 | മാനേജർ, ബഡ്സ് എയ്ഡ് | 121030107795/27.10.21 |
| 2000-01 | 40-3 | 2026 | രവി. ടി കെ | 121030103674/22.11.21 |
| 2010-11 | 3-7 | 120 | അഹിത എം എ | 121030104753/27.12.21 |
| ആകെ | | 26765/- | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2002-03 | Vii.1.7.10(i) | വീട് മെയിന്റനൻസിന് ഉണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയത് | സർക്കാർ സാധൂകരണം ലഭിക്കുന്നതിന് 28/11/2019 ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| 1999-00<br>2001-02 | 32 | 2002-03 | Vii.1.7.10(i) | | |
| 2014-15 | 2-2 | 2016-17 | | തൊഴിൽ നികുതി സംബന്ധിച്ച് | തൊഴിൽ നികുതി ഈടാക്കി. പരാമർശം തീർപ്പാക്കി മറുപടി ലഭ്യമായില്ല. |
| 2015-16 | 2-2 | 2016-17 | | | |

## 4-9 ചാർജ്-സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 118479679 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 105199253 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 9,21,683/- |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 30000/- | ശ്രീമതി. റോഷിൻ കോശി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | 30000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 18,650/- | ശ്രീ.എൻ.എം.മോഹനൻ,സെക്രട്ടറി |
| 1-24 | 12,500/- | ,, |
| 1-32 | 26,639/- | ,, |
| 1-34 | 11110/- | ശ്രീമതി.അനിമോൾ കെ.,സെക്രട്ടറി |
| | 7997/- | ശ്രീ.എൻ.എം.മോഹനൻ,സെക്രട്ടറി |
| 1-36 | 8,44,787/- | ,, |
| ആകെ | 9,21,683/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിമോൾ കെ., സെക്രട്ടറി | സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത് | ശിവശൈലം, പാഴൂർ, പിറവം-686664 |
| ശ്രീ.എൻ.എം.മോഹനൻ, സെക്രട്ടറി | സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | നിരപ്പേൽ വീട്, തൃപ്പൂണിത്തുറ പി.ഒ. 686301 |
| ശ്രീമതി. റോഷിൻ കോശി കെ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പായിപ്ര ഗ്രാമപഞ്ചായത്ത് | കൈത്താക്കുടിയിൽ വീട്, കീഴില്ലം പി .ഒ, മണ്ണൂർ -683541 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 1996-97 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 1997-98 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1998-99 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 6 |
| 1999-00 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 4 |
| 2000-01 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 2 |
| 2001-02 (പദ്ധതി) | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2002-03 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 1 |
| 2003-04 | കെ.എസ്.എ(ഇ.കെ.എം)പി1 721/2015.തീ.23.9.2015/19.10.15 | 3 |
| 2005-06 | കെ.എസ്.എ(ഇ.കെ.എം)പി1 1509/2015.തീ.15.03.2016 | 6 |
| 2006-07 | എൽ.എഫ്.ഇ(പി1)139/09, 15.06.10/06.07.10 | 24 |
| 2007-08 | എൽ.എഫ്.ഇ(പി1)140/09, 17.08.2010 | 27 |
| 2008-09<br>2009-10<br>2010-11 | കെ.എസ്.എ(ഇ.കെ.എം)പി1 1522/2015.തീ.28.01.2016 | 14 |
| 2011-12<br>2012-13 | കെ.എസ്.എ(ഇ.കെ.എം)പി1 255/2015.തീ.28.07.2015 | 14 |
| 2013-14 | കെ.എസ്.എ(ഇ.കെ.എം)പി1 640/2016.തീ.20.09.16 | 8 |
| 2014-15 | കെ.എസ്.എ(ഇ.കെ.എം)പി1 183/2017.തീ.22.02.2017 | 8 |
| 2015-16 | കെ.എസ്.എ(ഇ.കെ.എം)പി1 2246/2016.തീ.17.01.2017 | |
| 2016-17 | കെ.എസ്.എ-ഇ.കെ.എം(പി1) 1665/2017, തീ.18.04.2018 | 16 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം(പി1) 2192/2018, തീ.31.10.2018 | 12 |
| 2018-19 | കെ.എസ്.എ-ഇ.കെ.എം(പി1) 2/2020, തീ. 25/01/2020 | 5 |
| 2019-20 | കെ.എസ്.എ-ഇ.കെ.എം(പി1) 1554/2021 തീ. 08.12.2021 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി1)-1555/2021 തീ. 09/02/2022 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്